വെള്ളായണിക്കായൽ സംരക്ഷണത്തിന് നടപടി

55 (3264) ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ ഏക ശുദ്ധജലതടാകമായ വെള്ളായണിക്കായൽ സ്രോതസ്സായി എത്ര ശുദ്ധജലവിതരണ പദ്ധതികൾ ഇപ്പോൾ നടപ്പിലാക്കിയിട്ടുണ്ട് ;

(ബി) പുതുതായി ഇനിയും നടപ്പിലാക്കാൻ ഉദ്ദേശ്യമുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(സി) കായൽകൃഷി പുനരാരംഭിക്കുന്നതിന്റെ ഭാഗമായി വെള്ളായണിക്കായൽ വറ്റിച്ച് കൃഷിക്ക് ഉപയോഗപ്പെടുത്താൻ ആലോചനയുണ്ടോ ;

(ഡി) എങ്കിൽ എത്ര ക്യൂബിക് മീറ്റർ ശുദ്ധജലം പുറത്തേക്ക് ഒഴുക്കികളയേണ്ടി വരുമെന്ന് വിശദമാക്കുമോ ;

(ഇ) കുടിവെള്ള ക്ഷാമം രൂക്ഷമായിരിക്കുന്ന ഈ ഘട്ടത്തിൽ കുടിവെള്ള സ്രോതസ്സായ വെള്ളായണിക്കായൽ സംരക്ഷിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾക്ക് ജലവിഭവ വകുപ്പ് രൂപം നൽകിയിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ ഇപ്പോൾ കല്ലിയൂർ-തിരുവല്ല-മുട്ടയ്ക്കാട് ശുദ്ധജലവിതരണ പദ്ധതി പ്രവർത്തിക്കുന്നു.

(ബി) കോവളത്തിനും പരിസര പ്രദേശങ്ങൾക്കുമായി 15 എം.എൽ.ഡി കപ്പാസിറ്റിയിലുള്ള ഒരു പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(സി) തിരുവനന്തപുരം ജില്ലയിലെ വെള്ളായണി പുഞ്ചപ്പാടത്തിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി മാക്രോ മാനേജ്മെന്റ് നെൽകൃഷി വികസന പദ്ധതിയിൽപ്പെടുത്തി 20.58 ലക്ഷം രൂപയ്ക്കുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ മനുഷ്യാവകാശ കമ്മീഷന്റെ ഇടക്കാല ഉത്തരവിൻപ്രകാരം ഈ പദ്ധതിയുടെ നടത്തിപ്പ് താൽക്കാലികമായി നിറുത്തിവച്ചിരിക്കുകയാണ്.

(ഡി) ഏകദേശം 20,00,000 ക്യൂബിക് മീറ്റർ ശുദ്ധജലം പുറത്തേക്ക് ഒഴുക്കിക്കളയേണ്ടിവരും.

(ഇ) ഈ വകുപ്പിന്റെ കീഴിൽ ഇപ്പോൾ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly